പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

13/03/2018-ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.3030

# തിരുവനന്തപുരത്തെ കുന്നുകുഴിയിൽ ആധുനിക അറവുശാല

| | ചോദ്യം<br>ശ്രീ.വി.എസ്.ശിവകുമാർ | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | തിരുവനന്തപുരത്തെ കുന്നുകുഴിയിൽ ആധുനിക അറവുശാല സ്ഥാപിക്കുന്നതിന് തിരുവനന്തപുരം നഗരസഭ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. തിരുവനന്തപുരം കുന്നുകുഴി വാർഡിൽ നിലവിലുള്ള അറവുശാല ആധുനികവൽക്കരിക്കുന്നതിന് വേണ്ടി DPR തയ്യാറാക്കിയിട്ടുള്ളതും കൗൺസിൽ അംഗീകാരത്തിനായി നല്കിയിട്ടുള്ളതുമാണ്. |
| (ബി) | എങ്കിൽ ഇതിനായി എത്ര കോടി രൂപ നീക്കിവച്ചിട്ടുണ്ട്; | (ബി) | 2017-18 സാമ്പത്തിക വർഷം DPR തയ്യാറാക്കുന്നതിലേക്കായി 10 ലക്ഷം രൂപ നഗരസഭ വകയിരുത്തിയിട്ടുള്ളതാണ്. |
| (സി) | അറവുശാലയുടെ നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ? | (സി) | നിലവിലുള്ള അറവുശാല ആധുനിക അറവുശാലയായി മാറ്റുന്നതിനുള്ള DPR തയ്യാറാക്കുന്നതിനായി കൺസൾട്ടന്റിനെ ഏർപ്പെടുത്തുകയും ആയത് പ്രകാരം കൺസൾട്ടന്റ് തയ്യാറാക്കിയ 9.62 കോടി രൂപയുടെ DPR അംഗീകാരത്തിനും TS ലഭ്യമാക്കുന്നതിനും കൗൺസിൽ അംഗീകാരത്തിനും സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ